Marthoma Residential School, Tiruvalla.

Second Term Examination, 2017 December.

Class: IX

45

## Malayalam.

Mark: 80
Time - 3 hrs

## Section: A (40 mark).

I താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്ന് തെരഞ്ഞെടുത്ത് ഉപന്യാസം രചിക്കുക:- (15)

a) 'സംഗീതം ഒരു ഔഷധമാണ്' - ഈ അഭിപ്രായത്തെക്കുറിച്ച് നിങ്ങളുടെ ചിന്തകൾ വിലയിരുത്തുക.

b) 'ഇന്ത്യയുടെ ഭാവി ഗ്രാമങ്ങളിൽ കുടികൊള്ളുന്നു' ഗാന്ധിജിയുടെ ഈ വാചകം പരിശോധിച്ച്, ഇന്നത്തെ അവസ്ഥയുമായി തുലനം ചെയ്യുക.

c) മൂന്നാം ലോകമഹായുദ്ധം വെള്ളത്തിനും ശുദ്ധവായുവിനും വേണ്ടിയുള്ളതായിരിക്കും - ഈ അഭിപ്രായം പരിശോധിക്കുക.

d) "നദി ശാന്തമായി ഒഴുകിക്കൊണ്ടിരുന്നു..." ഈ വാചകത്തിൽ അവസാനിക്കുന്ന ഒരു ചെറുകഥ എഴുതുക.

II ഒരു കത്ത് എഴുതുക. (7)

a) നിങ്ങളുടെ ഗ്രാമത്തിൽ സംഭവിച്ച ഒരു ദുരന്തത്തെക്കുറിച്ച് വിദേശത്തുള്ള ഒരു സുഹൃത്തിന് ഒരു കത്തെഴുതുക.

b) നിങ്ങളുടെ സ്ഥാപനത്തെക്കുറിച്ച് ഒരു പരസ്യചിത്രം നിർമ്മിക്കുന്നതിനെക്കുറിച്ച് പരസ്യ ഏജൻസിയുടെ ഉടമയ്ക്ക് ഒരു കത്തെഴുതുക.

Scanned by CamScanner

III താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ദിവ്യചൈതന്യത്തോടെ ഭൂജാതനായ ഒരു അത്ഭുത വ്യക്തിയായിരുന്നു ആൽബർട്ട് ഷ്വൈറ്റ്സർ. സ്നേഹത്തിന്റെ ഒരു മഹാസാഗരം അദ്ദേഹത്തിന്റെ ഉള്ളിൽ കുടികൊണ്ടിരുന്നു. സ്വാർത്ഥതയും മതഭ്രാന്തും നടമാടിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിന് ഷ്വൈറ്റ്സറുടെ ഭൂതദയയുടെ മഹത്വം മനസ്സിലാവുക പ്രയാസമാണ്. അദ്ദേഹം ചിന്തകരുടെ മനസ്സിനെ തട്ടിയുണർത്തി. ജീവികളോടുള്ള ആദരവും ദാക്ഷിണ്യവും ഒരു മതമായി ഉയർത്തി. യാതൊരു വിധത്തിലുള്ള വേദനയും ദുരനുഭവങ്ങളും അന്യർക്ക് ഉണ്ടാവരുതെന്ന വിചാരത്തോടെ തന്റെ പ്രവൃത്തിയും പെരുമാറ്റവും അദ്ദേഹം നിയന്ത്രിച്ചിരുന്നു.

ചെറുപ്പകാലത്തു തന്നെ ഈ വിചാരം ഷ്വൈറ്റ്സറിന്മേൽ സ്വാധീനം ചെലുത്തിയിരുന്നുവെന്ന് അദ്ദേഹത്തിന്റെ സ്വഭാവത്തിൽ തെളിഞ്ഞു കാണാം. ചുറ്റും ജനങ്ങൾ അനുഭവിക്കുന്ന കഷ്ടതകളും ദുരിതങ്ങളും കാണുമ്പോൾ സുഖാനുഭവങ്ങളിൽ ലയിച്ചു താൻ ജീവിക്കുന്നത് എങ്ങനെയെന്നു വിചാരിച്ച് ഷ്വൈറ്റ്സർ അസ്വസ്ഥനാകാറുണ്ടായിരുന്നു. ഈ ചിന്ത വിദ്യാർത്ഥിയായിരിക്കുമ്പോഴും അദ്ദേഹത്തെ അലട്ടിയിരുന്നു.

ഷ്വൈറ്റ്സറുടെ സ്വഭാവദാർഢ്യത്തിന്റെ സവിശേഷത അദ്ദേഹത്തിന്റെ പതറാത്ത ദൈവവിശ്വാസവും തികഞ്ഞ നിർഭയത്വവുമാണ്. ഷ്വൈറ്റ്സർ ഒരു മഹാപണ്ഡിതനായിരുന്നു. ഒരു കലാനിധിയും. എന്നാൽ തന്റെ സഹജീവികളുടെ ദുരിതങ്ങൾ ലഘൂകരിക്കുന്നതിന് തന്നെ കൊണ്ടു സാധിക്കുന്നില്ലെങ്കിൽ തന്റെ പാണ്ഡിത്യം കൊണ്ടും കലാപാടവം കൊണ്ടും എന്തു പ്രയോജനം ഈ വിചാരം അതിനുള്ള മാർഗ്ഗങ്ങൾ ആരായാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. അതിന്റെ ഫലമായിട്ടാണ് ആഫ്രിക്കൻ വനാന്തരങ്ങളിലെ പ്രാകൃത മനുഷ്യരെ

Scanned by CamScanner

സഹായിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുവാൻ അദ്ദേഹം ആരംഭിച്ചത്.

ദുരിതത്തിൽ ആണ്ടുകിടക്കുന്ന ആ നിർഭാഗ്യവാന്മാരെ മോചിപ്പിക്കുവാനുള്ള ശ്രമത്തിൽ അദ്ദേഹത്തിന് അനുഭവിക്കേണ്ടി വന്ന കഷ്ടനഷ്ടങ്ങളും തരണം ചെയ്യേണ്ടിവന്ന പ്രതിബന്ധങ്ങളും പുളകം കൊള്ളിക്കുന്ന കഥയാണ്. സംഗീതം തത്വജ്ഞാനം, ദൈവശാസ്ത്രം എന്നീ മൂന്നു വിഷയങ്ങളിൽ ഡോക്ടർ ബിരുദം നേടിയിരുന്ന അദ്ദേഹത്തിന് തന്റെ പുതിയ ഉദ്ദേശ്യം നിറവേറ്റുവാൻ അതു കൊണ്ടൊന്നും മതിയാവില്ലെന്നു മനസ്സിലായി. തന്മൂലം മുപ്പതാമത്തെ വയസ്സിൽ അദ്ദേഹം വൈദ്യശാസ്ത്രം പഠിക്കുവാൻ തുടങ്ങി. അങ്ങനെ ഒരു ഡോക്ടറായിത്തീർന്ന ശേഷം 1413-ൽ പത്നിയോടൊന്നിച്ച് അദ്ദേഹം മദ്ധ്യ ആഫ്രിക്കയിലേക്ക് പുറപ്പെട്ടു. ലാംബറീൻ എന്ന സ്ഥലത്ത് ഒരാശുപത്രി സ്ഥാപിച്ച് അദ്ദേഹം പ്രവർത്തനം ആരംഭിച്ചു.

ചോദ്യങ്ങൾ :- (8)

a) ആൽബർട്ട് ഷ്വൈറ്റ്സറുടെ സ്വഭാവവും പ്രവർത്തനവും ആധുനിക ലോകത്തിന്റേതിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

b) ചെറുപ്പം മുതൽ അദ്ദേഹത്തെ അസ്വസ്ഥനാക്കിയ ചിന്ത എന്തായിരുന്നു.

c) അദ്ദേഹം വൈദ്യശാസ്ത്രം പഠിച്ചതെന്തിന്?

d). ആഫ്രിക്കയിലെ വനാന്തരങ്ങളിലെ പ്രാകൃതമനുഷ്യരെ സഹായിക്കുവാനുള്ള ഏർപ്പാടുകൾ തുടങ്ങിയത് എന്തിന്?

Scanned by CamScanner

(3).

IV a) വാക്യത്തിൽ പ്രയോഗിക്കുക.

a) ലക്ഷ്മണരേഖ (b) യാഥാസ്ഥിതികം (c) വേറി പറയുക.

(b). ഒറ്റപദം എഴുതുക. $(4 \times 1/2 = 2)$

(a) നിരന്തരമായ അവസ്ഥ.

(b). ജനപദങ്ങളിൽ വസിക്കുന്നവൻ.

(c). ന്യായശാസ്ത്രം പഠിച്ചവൻ.

d). ബന്ധിക്കപ്പെട്ടവൻ

c) ഒരു പഴഞ്ചൊല്ല് വീതം എഴുതുക. $(2 \times 1 = 2)$

a) വൃക്ഷം (b) പശു.

d) രണ്ടു പര്യായങ്ങൾ വീതം എഴുതുക $(2 \times 1 = 2)$

a) മുതല (b) മഞ്ഞ്.

e) തെറ്റുതിരുത്തുക. $(2 \times 1/2 = 1)$

(a) ഉപദേഷ്ടാവ് (b) പ്രവൃത്തനം

Scanned by CamScanner

## Section B (40 mark).

V. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ രണ്ടു യൂണിറ്റുകളിൽ നിന്നുമായി ആകെ നാലു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

Quest 1. "അതിന് ഞാൻ നിന്ദിച്ചോ? ഒരിക്കലും അച്ഛനെ ഉപേക്ഷിക്കരുത്. ഞങ്ങൾ രണ്ടാളും കൂടി ചേരുകയില്ല അതുകൊണ്ട് ഞാൻ പോകാം."

a) ഈ വാക്കുകൾ ആര്, ആരോടു പറഞ്ഞത്? സന്ദർഭം എഴുതുക. (3)

b) ഹസനിൽ ദാമുവിന്റെ ഉള്ളിൽ ഉണർന്ന സ്വരങ്ങൾ എന്തെല്ലാം? (3)

c) ഋഷിന്റെ കണ്ണുകൾ നിറയുന്നതെപ്പോൾ? (2)

d) ആ ജീവിത കഥ ചരിത്രമാണ് – ജീവിതകഥയേത്? (2)

Qn 2.

മയ്യഴിയുടെ സ്വാതന്ത്ര്യം – അതെവിടെയാണ്? അതാ അകലെ, ആത്മാവുകൾ വിഹരിക്കുന്ന വെള്ളിയാങ്കല്ലുകൾ പോലെ അകലെ –

a). പോണ്ടിച്ചേരിയിൽ നിന്നു വന്നതിനു ശേഷമുള്ള ദാസന്റെ ജീവിതം എങ്ങനെയുള്ളതായിരുന്നു? (2)

b) ദാസനേൽപ്പിച്ച ആഘാതത്തിൽ നിന്നും ആദ്യം ഉണർന്നതാര്? എങ്ങനെ? (2)

c) ദാസനേൽപ്പിച്ച ആഘാതത്തിൽ ദാമുവിന്റെ അവസ്ഥ എന്തായിരുന്നു? (3)

d) തന്റെ തീരുമാനത്തെക്കുറിച്ച് ദാസൻ വിലയിരുത്തുന്നത് എന്ത്? (3)

Scanned by CamScanner

Qu: 3. സൂര്യപ്രകാശമേൽക്കാതെ തന്നെ അയാൾ സൂര്യചൈതന്യത്തിൽ മുഴുകി. അങ്ങനെ ഋതുക്കൾ കടന്നുപോകുന്നു.

a) ഓപ്പറേഷന് മാസ്റ്റർ തയ്യാറാകാത്തത് എന്തുകൊണ്ട്?

b). ഭരതൻ തിടുക്കപ്പെട്ട് നാട്ടിൽ എത്തിയത് എന്തിന്?

c). മാസ്റ്റർ സ്വന്തം ജീവിതത്തെ വിലയിരുത്തുന്നത് എങ്ങനെ? (3)

d). ദാസനെ ഭരതൻ ഉപദേശിച്ചത് എന്ത്? (3)

Quest: 4 കുറമ്പിയമ്മ ഇതുവരെ സിനിമ കണ്ടിട്ടില്ല. മയ്യഴിയുടെ മക്കളിൽ എത്രപേർക്കു സിനിമ കാണുവാൻ ഭാഗ്യമുണ്ടായിട്ടുണ്ട്?

a) ബ്യഗാദിയേ ചെടിയപ്പ് ആരാണ്? അയാളെക്കുറിച്ച് എഴുതുക. (2)

b) കണാരിയും കൂട്ടരും തോമാസായ്‌വിന്റെ വീട്ടിൽ എത്തിയത് എന്തിന്? (2)

c) കണാരി കുഴൽ വിളി പുനരാരംഭിച്ചത് എങ്ങനെ?

d) നാണി സുകൃതം ചെയ്തവളാണെന്ന് കുറമ്പിയമ്മ പറയാൻ കാരണം എന്ത്? (3)

Question 5. താഴെ നിന്നുകേൾക്കുന്ന ആളുകളുടെ ഒച്ച അയാളെ ഭയപ്പെടുത്തി. മനുഷ്യരുടെ ഇടയിൽ ഇറങ്ങിച്ചെല്ലാമോ!

a). മയ്യഴിയിലെ ദേവാലയത്തിന്റെ ഉല്പത്തികഥ എഴുതുക

b) മയ്യഴി മാതാവിന്റെ പെരുന്നാളിനെക്കുറിച്ച് ദാസന്റെ അഭിപ്രായം എന്ത്? (2)

c) പെരുന്നാളിന്റെ ഒരുക്കങ്ങൾ എന്തെല്ലാം?

d) പെരുന്നാൾ ദിവസങ്ങളിൽ ലെസ്ലി സായ്‌വിന്റെ ബംഗ്ലാവിന്റെ അവസ്ഥ എന്തായിരുന്നു? (3)

Scanned by CamScanner